സ്ത്രീപീഡനങ്ങളും ആത്മഹത്യയും

*24 [264] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീപീഡനങ്ങളും ആത്മഹത്യയും സംസ്ഥാനത്ത് നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് സാമൂഹ്യക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പട്ടിണിയും തൊഴിലില്ലായ്മയും വർദ്ധിച്ചുകൊണ്ടിരിക്കുന്നതു കൊണ്ടാണ് ഈ സ്ഥിതിവിശേഷം ഉണ്ടായിട്ടുള്ളതെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഈ സ്ഥിതിവിശേഷത്തെ നേരിടുന്നതിൽ എന്തെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള സാമൂഹ്യക്ഷേമ പദ്ധതികൾ കൃത്യമായി നിർവ്വഹിക്കപ്പെടുന്നുണ്ട് എന്ന് സർക്കാർ കരുതുന്നുണ്ടോ; ഏതെല്ലാം ക്ഷേമപദ്ധതി ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇതുസംബന്ധിച്ച പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനിതാ കമ്മീഷനിൽ കിട്ടുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും സ്ത്രീപീഡനങ്ങൾക്കും ആത്മഹത്യകൾക്കുമുള്ള പലവിധ കാരണങ്ങളിൽ ഒന്നുമാത്രമാകയാൽ അപ്രകാരം കരുതുന്നില്ല.

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മൂന്നു മേഖലകളിലായി സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ്, സോഷ്യോളജിസ്റ്റ്, ഡോക്ടർമാർ എന്നിവരുടെയെല്ലാം സേവനം ഉപയുക്തമാക്കിക്കൊണ്ട്. ആത്മഹത്യാപ്രവണതയുള്ളവർക്ക് കൗൺസലിംഗ് നൽകാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ, വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ/അവിവാഹിതകളും അൻപതു വയസ്സിനു മുകളിലും ഉള്ള സ്ത്രീകൾക്കുള്ള പെൻഷൻ, പാവപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം എന്നീ സാമൂഹ്യക്ഷേമ സുരക്ഷാ പദ്ധതികൾ കൈകാര്യം ചെയ്തുവരുന്നതിൽ പെൻഷൻ പദ്ധതികളിൽ എല്ലാം കുടിശ്ശിക തീർത്ത് പെൻഷൻ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 12/2003-വരെ പെൻഷൻ വിതരണം ചെയ്യുന്നതിന് 6424.35 ലക്ഷം രൂപ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകം ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം വിതരണം ചെയ്യുന്നതിന്, 2003-04-ൽ ആകെ വേണ്ട തുക 1931.71 ലക്ഷം രൂപയാണ്. ആയതിന് നാളിതുവരെ 1020.86 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ടി തുക മുഴുവനും ധനസഹായം വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള 18217 ധനസഹായത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ഈ സാമ്പത്തിക വർഷം 910.85 ലക്ഷം രൂപ കൂടി ഉപധനാഭ്യർത്ഥനവഴി അനുവദിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽവകുപ്പിലെ തൊഴിലാളി ക്ഷേമ പദ്ധതികൾ

*25 [265] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
" പി. ജയരാജൻ:
" വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ നടപ്പാക്കുന്ന തൊഴിലാളി ക്ഷേമപദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ ആനുകൂല്യങ്ങൾ കാലോചിതമായി വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെങ്കിലും പദ്ധതിയുടെ ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിയുടെയെന്നും എത്ര കുടിശ്ശികയായിട്ടുണ്ട് എന്നും അറിയിക്കാമോ;

(സി) ഏതെങ്കിലും തൊഴിൽ മേഖലയിൽ പുതുതായി ക്ഷേമ പദ്ധതി നടപ്പിൽ വരുത്താനുദ്ദേശമുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലയിൽ എന്ന് വ്യക്തമാക്കാമോ;

(ഡി) തൊഴിലുടമാവിഹിതം കൃത്യമായി ലഭിക്കാത്തതിനാൽ ഏതെങ്കിലും ക്ഷേമപദ്ധതിയുടെ നടത്തിപ്പ് പ്രതിസന്ധിയിലായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ എന്ന് വെളിപ്പെടുത്തുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) തൊഴിലാളി ക്ഷേമനിധി പദ്ധതികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഒന്നും തൽക്കാലം പരിഗണനയിലില്ല.

(ബി) ഉണ്ട്. കർഷക തൊഴിലാളി പെൻഷൻ 1-5-2000 മുതൽ 31-12-2003 വരെയും കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ 60 വയസ്സ് കഴിഞ്ഞ ചുരുട്ട് തൊഴിലാളികൾക്ക് നൽകുന്ന പെൻഷൻ 6/2003 മുതൽ 11/2003 വരെയും 1988-നു മുമ്പ് വിരമിച്ച കശുവണ്ടി തൊഴിലാളികൾക്കും സ്റ്റാഫിനും നൽകി വരുന്ന പെൻഷൻ 2002 ഫെബ്രുവരി മുതൽ 2003 ഡിസംബർവരെ 23 മാസത്തേയും കൈത്തറി തൊഴിലാളികൾക്കുള്ള പെൻഷൻ 18 മാസത്തേയും കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly